ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 04.04.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

Both houses of Parliament adjourned indefinitely today after the Budget Session concluded.

2) ദുരന്തനിവാരണം, പരമ്പരാഗത വൈദ്യശാസ്ത്രം എന്നിവയിലെ ബിംസ്റ്റെക് മികവിന്റെ കേന്ദ്രങ്ങൾ ഇന്ത്യയിൽ സ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi said that BIMSTEC centers of excellence in disaster management and traditional medicine will be set up in India.

3) അന്താരാഷ്ട്ര അതിർത്തിയോട് ചേർന്നുള്ള ഗ്രാമങ്ങളുടെ വികസനത്തിനായുള്ള വൈബ്രന്റ് വില്ലേജസ് പരിപാടിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

Union Cabinet approves Vibrant Villages programme for development of villages along international borders.

4) കേരളത്തിൽ അടുത്ത അഞ്ചു ദിവസം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

The Union Meteorological Department has predicted rain in Kerala for the next five days.

5) ഐപിഎൽ ക്രിക്കറ്റിൽ ലക്നൗവിനെതിരെ മുംബൈ ഫീൽഡിംഗ് തെരഞ്ഞെടുത്തു.

Mumbai has chosen to field against Lucknow in IPL cricket.

******************

## PM-THAILAND

ദുരന്തനിവാരണം, സുസ്ഥിര സമുദ്ര ഗതാഗതം, പരമ്പരാഗത വൈദ്യശാസ്ത്രം, കാർഷിക ഗവേഷണം എന്നീ മേഖലകളിൽ, ഇന്ത്യയിൽ ബിംസ്റ്റെക് മികവിൻറെ കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബാങ്കോക്കിൽ നടന്ന ആറാമത് ബിംസ്റ്റെക് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഐടി മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും ബിംസ്റ്റെക്കിനെ സാങ്കേതികമായി കൂടുതൽ ശക്തമാക്കാനും ശ്രീ മോദി ആഹ്വാനം ചെയ്യു.ബിംസ്റ്റക് സഹകരണത്തിനായി 21 ഇന കർമ പദ്ധതി പ്രധാനമന്ത്രി മുന്നോട്ടുവച്ചു. ഇന്ത്യയിൽ ദുരന്തനിവാരണത്തിനായുള്ള ബിംസ്റ്റെക് സെൻ്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു. ബോധി പദ്ധതിയിലൂടെ ബിംസ്റ്റെക് രാജ്യങ്ങളിൽ നിന്നുള്ള 300 യുവാക്കൾക്ക് എല്ലാ വർഷവും ഇന്ത്യയിൽ പരിശീലനം നൽകും. ബിംസ്റ്റെക് സമുദ്ര ഗതാഗത കരാർ ഒപ്പുവെച്ചതിനെയും, ബിംസ്റ്റെക് ബാങ്കോക്ക് വിഷൻ 2030 അംഗീകരിച്ചതിനെയും പ്രധാനമന്ത്രി സ്വാഗതം ചെയ്യു.

******************

## PM BILATERALS

തായ്‌ലൻഡിൽ നടക്കുന്ന ബിംസ്റ്റെക് ഉച്ചകോടിയോട് അനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി വിവിധ രാഷ്ട്ര നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തി. ഇന്ന് നേപ്പാൾ പ്രധാനമന്ത്രി കെ പി ശർമ്മ ഒലിയുമായി കൂടിക്കാഴ്ച നടത്തിയ പ്രധാനമന്ത്രി നേപ്പാളുമായുള്ള ബന്ധത്തിന് ഇന്ത്യ വളരെയധികം മുൻഗണന നൽകുന്നതായി അറിയിച്ചു. ഊർജ്ജം, കണക്റ്റിവിറ്റി, സംസ്കാരം, ഡിജിറ്റൽ സാങ്കേതികവിദ്യ തുടങ്ങിയ വിവിധ വിഷയങ്ങളിൽ ഇരു നേതാക്കളും ചർച്ച നടത്തി. ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിൻറെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസുമായി കൂടിക്കാഴ്ച നടത്തിയ പ്രധാനമന്ത്രി

ബംഗ്ലാദേശുമായി ക്രിയാത്മകവും ജന കേന്ദ്രീകൃതവുമായ ബന്ധത്തിന് ഇന്ത്യ ഇപ്പോഴും പ്രതിജ്ഞാബദ്ധമാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ബംഗ്ലാദേശിലെ ഹിന്ദുക്കളുടെയും മറ്റ് ന്യൂനപക്ഷങ്ങളുടെയും സുരക്ഷയിലും ക്ഷേമത്തിലുമുള്ള ആശങ്കയും അദ്ദേഹം പങ്കുവെച്ചു. മ്യാൻമർ സീനിയർ ജനറലുമായുള്ള കൂടിക്കാഴ്ചയിൽ അടുത്തിടെയുണ്ടായ ഭൂകമ്പത്തെത്തുടർന്നുണ്ടായ പ്രതിസന്ധിയിൽ മ്യാൻമറിലെ ജനങ്ങളെ സഹായിക്കാൻ സാധ്യമായതെല്ലാം ഇന്ത്യ ചെയ്യുമെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകി.

*****************

## NEW PAR-ADJOURN (INTRO)

ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരു സഭകളും ഇന്ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ജനുവരി 31 നാണ് സമ്മേളനം ആരംഭിച്ചത്. ബജറ്റ് സമ്മേളനത്തിൽ സഭ 118 ശതമാനം ഉൽപ്പാദനക്ഷമത കൈവരിച്ചതായി ലോക്സഭയിൽ നടത്തിയ സമാപന പ്രസംഗത്തിൽ സ്പീക്കർ ഓം ബിർള അറിയിച്ചു.

(ഹോൾഡ് വോയ്സ്)

ബജറ്റ് സമ്മേളനത്തിൻറെ അവസാനദിവസമായ ഇന്ന്, വിവിധ വിഷയങ്ങൾ ഉയർത്തി ഭരണ-പ്രതിപക്ഷ അംഗങ്ങൾ ഇരുസഭകളിലും ശക്തമായ പ്രതിഷേധം ഉയർത്തി. ഇന്ത്യയ്ക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയ പകരം തീരുവ വിഷയത്തിലും പ്രതിപക്ഷം പ്രതിഷേധമുയർത്തി. രാജ്യസഭ, ഈ സമ്മേളന കാലയളവിൽ 119 ശതമാനം ഉൽപ്പാദനക്ഷമതയ്ക്ക് സാക്ഷ്യം വഹിച്ചതായി ചെയർമാൻ ജഗ്ദീപ് ധൻഖർ സമാപന പ്രസംഗത്തിൽ പറഞ്ഞു. ഈ സമ്മേളന കാലയളവിൽ ലോക്സഭ 16 ബില്ലുകളും രാജ്യസഭാ 14 ബില്ലുകളും പാസ്സാക്കി.

*****************

## RS- WAQF BILL

വഖഫ് ഭേദഗതി ബിൽ 2025 പാർലമെൻറ് പാസാക്കി. രാജ്യസഭയിൽ ഇന്നലെ അവതരിപ്പിച്ച ബിൽ ചർച്ചയ്ക്ക് ശേഷം ഇന്ന് പുലർച്ചെയാണ് പാസ്സാക്കിയത്. 128 അംഗങ്ങൾ ബില്ലിനെ പിന്തുണച്ചപ്പോൾ 95 എംപിമാർ എതിർത്ത് വോട്ട് രേഖപ്പെടുത്തി. ലോക്സഭ കഴിഞ്ഞ ദിവസം ബിൽ പാസാക്കിയിരുന്നു. രാഷ്ട്രപതി കൂടി അംഗീകരിക്കുന്നതോടെ ബിൽ നിയമമായി മാറും. 1923 ലെ മുസ്സൽമാൻ വഖഫ് നിയമം റദ്ദാക്കുന്ന ബില്ലിനും പാർലമെൻറ് അംഗീകാരം നൽകി.

******************

## PM-WAQF

പാർലമെന്റ് പാസാക്കിയ വഖഫ് ഭേദഗതി ബില്ലും മുസ്സൽമാൻ വഖഫ് റദ്ദാക്കൽ ബില്ലും സാമൂഹിക-സാമ്പത്തിക നീതി, സുതാര്യത, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിവ ഉറപ്പു വരുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ചർച്ചകളിൽ പങ്കെടുക്കുകയും, നിയമനിർമ്മാണം ശക്തിപ്പെടുത്തുന്നതിൽ സംഭാവന നൽകുകയും ചെയ്ത എല്ലാ പാർലമെന്റ് അംഗങ്ങൾക്കും അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ നന്ദി പറഞ്ഞു.

******************

## PM - SRI LANKA

മൂന്നു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ശ്രീലങ്കയിലെത്തും. ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകയുടെ ക്ഷണപ്രകാരം ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സന്ദർശനം. കഴിഞ്ഞ ഡിസംബറിൽ പ്രസിഡന്റ് ദിസനായക നടത്തിയ ഇന്ത്യാ സന്ദർശനത്തിന്റെ വിജയകരമായ തുടർച്ചയാണ് ഈ സന്ദർശനമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ശ്രീലങ്കൻ സന്ദർശനവേളയിൽ സാംപൂർ സൗരോർജ്ജ പദ്ധതിയുൾപ്പെടെ ഇന്ത്യയുടെ പിന്തുണയോടെയുള്ള നിരവധി സംരംഭങ്ങൾക്ക് തുടക്കമാകും. ആരോഗ്യം, ഡിജിറ്റൈസേഷൻ, പ്രതിരോധം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി സഹകരണ കരാറുകളിലും ഒപ്പുവച്ചേക്കും. റെയിൽവേ പദ്ധതികളും ഉദ്ഘാടനം ചെയ്യപ്പെടും.

******************

## FOREX RESERVES

മാർച്ച് 28 ന് അവസാനിച്ച ആഴ്ചയിൽ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 6.6 ബില്യൺ ഡോളർ വർദ്ധിച്ച് 665.4 ബില്യൺ ഡോളറിലെത്തി. റിസർവ് ബാങ്ക് പുറത്തിറക്കിയ പ്രതിവാര കണക്കുകൾ പ്രകാരം കഴിഞ്ഞ ആഴ്ചയിൽ, കരുതൽ ശേഖരത്തിൻറെ ഒരു പ്രധാന ഘടകമായ വിദേശ കറൻസി ആസ്തികൾ 6.15 ബില്യൺ ഡോളറിലധികം വർദ്ധിച്ച് 565 ബില്യൺ ഡോളറിലധികമായി.

******************

## FUR REV. CABINET (INTRO

18,658 കോടി രൂപയുടെ നാല് റെയിൽവേ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ ഇന്ന് അംഗീകാരം നൽകി. ഇതോടെ ഇന്ത്യൻ റെയിൽവേ ശൃംഖലയിലേക്ക് 1247 കിലോമീറ്ററോളം കൂട്ടിച്ചേർക്കപ്പെടുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. 100 ശതമാനം കേന്ദ്ര ധനസഹായത്തോടെയുള്ള 6,839 കോടി രൂപയുടെ രണ്ടാം വൈബ്രന്റ് വില്ലേജസ് പരിപാടിക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. അന്താരാഷ്ട്ര അതിർത്തികളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് ഈ പരിപാടി സഹായകമാകുമെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് ഫോർ വോയ്സ്)

******************

## BENGALURU-CHILE PRESIDENT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ചിലി പ്രസിഡൻറ് ഗബ്രിയേൽ ബോറിക് ഫോണ്ട് ഇന്ന് ബെംഗളൂരുവിലെത്തി. കർണാടക ആരോഗ്യമന്ത്രി ദിനേശ് ഗുണ്ടു റാവു അദ്ദേഹത്തെ സ്വീകരിച്ചു. സന്ദർശന വേളയിൽ ചിലി പ്രസിഡൻറ് മുഖ്യമന്ത്രി സിദ്ധരാമയ്യയുമായി കൂടിക്കാഴ്ച നടത്തും. ഗവർണർ തവാർചന്ദ് ഗെലോട്ടിനെയും അദ്ദേഹം സന്ദർശിക്കും. ചിലി പ്രസിഡൻറ് നാളെ മടങ്ങും.

******************

## ED-SEARCH

ജാർഖണ്ഡിലെ ആയുഷ്മാൻ ഭാരത് ആരോഗ്യ പദ്ധതി അഴിമതിയുമായി ബന്ധപ്പെട്ട് ഡൽഹി, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലായി 21 സ്ഥലങ്ങളിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് റെയ്ഡ് നടത്തുന്നു. അഴിമതിയുമായി ബന്ധപ്പെട്ട പ്രധാന പ്രതികൾ എന്ന സംശയിക്കുന്ന കൺസൾട്ടൻറുമാർ, അനുബന്ധ സ്ഥാപനങ്ങളുടെ മുൻ എക്സിക്യൂട്ടീവുകൾ, ഉദ്യോഗസ്ഥർ, ജാർഖണ്ഡ് സംസ്ഥാന ആരോഗ്യ സൊസൈറ്റിയുമായി ബന്ധപ്പെട്ട കൺസൾട്ടൻറുമാർ, എന്നിവരുമായി ബന്ധപ്പെട്ടാണ് അന്വേഷണം നടക്കുന്നത്.

******************

## WELFARE PENSION - KERALA

വിഷുവിനു മുന്നോടിയായി ഒരു ഗഡു ക്ഷേമ പെൻഷൻകൂടി അനുവദിച്ച് കേരള സർക്കാർ. ഏപ്രിൽ മാസത്തെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ വിതരണത്തിനായി 820 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. പെൻഷൻ അടുത്ത ആഴ്ച ലഭിച്ചുതുടങ്ങും. വിഷുവിനുമുമ്പ് മുഴുവൻ പേർക്കും പെൻഷൻ ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു.

******************

**IPL**

ൈഎപിഎൽ ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയൻറ്സിനെതിരെ ടോസ് നേടിയ മുംബൈ ഇന്ത്യൻസ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ലക്നൗ ഏകാനാ സ്റ്റേഡിയത്തിലാണ് മത്സരം.

******************

**RAIN - KERALA**

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കന്യാകുമാരി തീരത്ത് നാളെ ഉയർന്ന തിരമാലക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴി ലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

******************

**CHINA TARIFF-US**

യുഎസ് ഉല്പന്നങ്ങൾക്കുമേൽ 34 ശതമാനം അധിക തീരുവ ചുമത്തുമെന്ന് പ്രഖ്യാപിച്ച് ചൈന. ചില അപൂർവ ധാതുസമ്പത്തിന്റെ കയറ്റുമതിയിൽ ചൈന നിയന്ത്രണങ്ങൾ പ്രഖ്യാപിക്കുകയും ലോക വ്യാപാര സംഘടനയിൽ പരാതി നൽകുകയും ചെയ്തു. അമേരിക്ക ഉയർന്ന തീരുവ പ്രഖ്യാപിച്ചതിനെ തുടർന്നാണ് ചൈനയുടെ നടപടി.

******************

**RAVIKUMAR**

പ്രശസ്ത ചലച്ചിത്രനടൻ രവികുമാർ അന്തരിച്ചു. അർബുദരോഗത്തെ തുടർന്ന് ചികിത്സയിലിരിക്കെ ചെന്നൈയിലാണ് അന്ത്യം. 71 വയസ്സായിരുന്നു. എഴുപതുകളിലെയും, എൺപതുകളിലേയും ശ്രദ്ധേയ താരമായിരുന്ന അദ്ദേഹം നൂറിലേറെ മലയാളച്ചിത്രങ്ങളിലും നിരവധി തമിഴ് ചിത്രങ്ങളിലും ടെലിവിഷൻ പരമ്പരകളിലും

അഭിനയിച്ചിട്ടുണ്ട്. തൃശ്ശൂർ സ്വദേശിയാണ്. മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എഎൻ ഷംസീർ തുടങ്ങിയ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

******************

## MANOJ KUMAR-PASSED AWAY

മുതിർന്ന ബോളിവുഡ് നടനും സംവിധായകനുമായ മനോജ് കുമാർ മുംബൈയിൽ അന്തരിച്ചു. 87 വയസ്സായിരുന്നു. പത്മശ്രീ, ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

******************

**************

******